# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 515** **28.02.2017-ൽ മറുപടിയ്ക്ക്**

## വ്യാജ ലോട്ടറി വിപണനം

| | ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വ്യാജ ലോട്ടറി ടിക്കറ്റുകൾ വിപണനം നടത്തുന്നുണ്ടെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ സമ്മാന നമ്പരുകൾ തിരുത്തിയും കളർ ഫോട്ടോ കോപ്പികൾ ഉപയോഗിച്ചും, ചെറുകിട ലോട്ടറി കച്ചവടക്കാരെ കബളിപ്പിക്കുന്നതായ പരാതികളും കേരള സംസ്ഥാന ഭാഗ്യക്കുറി ഫലങ്ങളുടെ മറവിൽ ഒരക്ക/മൂന്നക്ക നമ്പർ ചൂതാട്ടം നടത്തുന്നുവെന്ന പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് അനധികൃത ലോട്ടറി വിൽപന നിയന്ത്രിക്കുന്നതിനായി ഇന്റലിജൻസ് എ.ഡി.ജി.പി.-യുടെ നേതൃത്വത്തിൽ സംസ്ഥാനതല ലോട്ടറി മോണിറ്ററിംഗ് സമിതിയും അതാതു ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല ലോട്ടറി മോണിറ്ററിംഗ് സമിതികളും രൂപീകരിച്ചിട്ടുണ്ട് എഴുത്ത് ലോട്ടറി സംബന്ധിച്ച് അന്വേഷിക്കാൻ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കുകയും ചെയ്തു ലോട്ടറി സംബന്ധിച്ച് ശ്രദ്ധയിൽ പെടുന്ന പരാതികൾ അനന്തര നടപടികൾക്കായി സംസ്ഥാന/ ജില്ലാതല ലോട്ടറി മോണിറ്ററിംഗ് സമിതികൾക്ക് അയച്ചു കൊടുക്കുകയും തുടർന്ന് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (ബി) | സംസ്ഥാന ലോട്ടറിയുടെ വിശ്വാസ്യത നിലനിർത്തുന്നതിനും ലോട്ടറി ടിക്കറ്റുകളിൽ സുരക്ഷാമാനദണ്ഡങ്ങൾ കർശനമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | ഭാഗ്യക്കുറി ടിക്കറ്റുകളിൽ സുരക്ഷാ സംവിധാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഗവൺമെന്റ് നിയോഗിച്ച അഞ്ചംഗ ടെക്നിക്കൽ കമ്മിറ്റി 11-02-2017-ൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സുരക്ഷാ മാനദണ്ഡങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**